(ബി) ഇത് സംബന്ധിച്ച് എക്സ്പ്രഷൻ ഓഫ് ഇന്റെറസ്റ്റിനായി ദേശീയ ടെണ്ടർ ക്ഷണിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ടെണ്ടർ റദ്ദ് ചെയ്തിട്ട് വീണ്ടും ടെണ്ടർ ക്ഷണിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നേരത്തെ നടന്ന ടെണ്ടറിൽ പങ്കെടുക്കാൻ കഴിയാതിരുന്നവർക്ക് അവസരം നൽകാൻ വേണ്ടിയാണോ വീണ്ടും ടെണ്ടർ ക്ഷണിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) 2003-ൽ നടന്ന ടെണ്ടറിൽ പങ്കെടുത്തവരെ വച്ച് നടപടികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ കുരുവിക്കാനം എന്ന സ്ഥലത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു കാറ്റാടി പാടം സ്ഥാപിക്കുന്നതിന് അനർട്ടിന് സർക്കാരിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രാമക്കൽമേട്ടിൽ സ്വകാര്യ മേഖലയിൽ പദ്ധതി നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

(ബി) എക്സ്പ്രഷൻ ഓഫ് ഇന്റെറസ്റ്റ് ക്ഷണിച്ചിരുന്നു. അനർട്ട് വെബ് സൈറ്റിലും 15-4-2003-ൽ പ്രമുഖ ദിനപത്രങ്ങളിലും ഇതിനായി പരസ്യം നൽകിയിരുന്നു. വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30-4-2003 ആയിരുന്നു.

(സി, ഡി ആന്റ് ഇ) മേൽ നടപടികൾ സർക്കാരിന്റെ പരിശോധനയിലാണ്.

സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദന വിതരണ ശൃംഖലയിലെ പരിഷ്കാരങ്ങൾ

3 [1679] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ആകെ വൈദ്യുതി ഉൽപ്പാദനം എത്രയാണെന്നും ഓരോ പദ്ധതിയും തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്തെ മൊത്തം വൈദ്യുതി ഉൽപ്പാദനം എത്രയാണെന്നും ഓരോ പദ്ധതിയിൽ നിന്നും എത്ര വീതമെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആകെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ എത്ര വൈദ്യുതി വിൽപ്പന നടത്തുന്നു; എത്ര പ്രസരണ നഷ്ടമുണ്ടാകുന്നു; എത്ര മോഷണം നടക്കുന്നു; എത്ര ഇതര മാർഗ്ഗങ്ങളിലൂടെ നഷ്ടപ്പെടുന്നു;

(ഡി) വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസരണ നഷ്ടവും മോഷണവും ഇല്ലാതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 17-5-2001-ലെ സംസ്ഥാനത്തെ ആകെ വൈദ്യുതി ഉൽപ്പാദനം 27.7125 ദശലക്ഷം യൂണിറ്റായിരുന്നു. വിശദ വിവരം † അനുബന്ധം 1-ൽ കൊടുത്തിട്ടുണ്ട്.

(ബി) ജലത്തിന്റെ ലഭ്യതയിലുള്ള കുറവുമൂലം 27-1-2004-ലെ സംസ്ഥാനത്തെ ആകെ വൈദ്യുതി ഉൽപ്പാദനം 20.9374 ദശലക്ഷം യൂണിറ്റാണ്. പദ്ധതി തിരിച്ചുള്ള വിവരം † അനുബന്ധം 2-ൽ കൊടുത്തിട്ടുണ്ട്.

(സി) ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ ഏകദേശം 27.43% വൈദ്യുതി പ്രസരണ നഷ്ടം, വിതരണ നഷ്ടം, വൈദ്യുതി മോഷണം, ബില്ലിംഗ് തകരാറുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ നഷ്ടപ്പെടുന്നു.

(ഡി) പുതിയ വൈദ്യുതി പദ്ധതികൾ വഴിയും, ഡൈവർഷൻ പദ്ധതികൾ വഴിയും, നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണം, നവീകരണം, സ്ഥാപിതശേഷി വർദ്ധിപ്പിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കൂടുതൽ സബ് സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, കപ്പാസിറ്ററുകൾ സ്ഥാപിക്കുക, സബ്ട്രാൻസ്മിഷൻ ശൃംഖല മെച്ചപ്പെടുത്തുക എന്നിവ വഴി പ്രസരണ നഷ്ടം കുറയ്ക്കാനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു.

വൈദ്യുതി മോഷണം കുറയ്ക്കുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ആന്റി പവർ തെഫ്റ്റ് റീജിയണൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന നടപടികളും സ്വീകരിക്കുന്നുണ്ട്.

1. എനർജി മീറ്ററുകളിലെ സീലിംഗ് 100% ഉറപ്പുവരുത്തുക.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ മാറ്റി പകരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

3. സെക്ഷൻ ഓഫീസ് തലത്തിൽ എനർജി ഓഡിറ്റിംഗ് നടത്തുക.

4. സി.റ്റി.-കളും സി.റ്റി. കണക്റ്റ് ചെയ്തിട്ടുള്ള മീറ്ററുകളും സ്റ്റീൽ പെട്ടികളിലാക്കി സീൽ ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുത വിതരണ പ്രസരണ നഷ്ടം

4 [1680] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുത വിതരണ പ്രസരണ നഷ്ടം ഇപ്പോൾ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ബോർഡിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ ബഡ്ജറ്റ് രേഖകൾ പ്രകാരം കണക്കാക്കപ്പെട്ട വിതരണ പ്രസരണ നഷ്ടം എത്രയാണ്;

(സി) പ്രസരണ നഷ്ടം വർദ്ധിക്കാനിടയായ കാരണങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പ്രസരണ നഷ്ടം ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട മൊത്തം പദ്ധതികളിൽ എത്ര ശതമാനം നടപ്പിൽ വരുത്തിയിട്ടുണ്ട്;

(ഇ) വൈദ്യുത ചോർച്ച തടയുന്നതിന് നിലവിലുള്ള മീറ്ററുകൾ മാറ്റി ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ നടപ്പു സാമ്പത്തിക വർഷം നവംബർ മാസം വരെ കണക്കുകൾ പൂർത്തീകരിച്ചതിൻ പ്രകാരം പ്രസരണ വിതരണ നഷ്ടം 26.86% മാണ്.